**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2014 ഫെബ്രുവരി 24, 25 തീയതികളിൽ എറണാകുളം താജ് ഗേറ്റ് വേ ഹോട്ടലിൽ വച്ച് നടത്തിയ പാർട്ണർ കേരള മീറ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പത്രപരസ്യ ഇനത്തിൽ Times of India Group -ന് നൽകുവാനുള്ള 45,265/- രൂപയും വാഹനവാടകയിനത്തിൽ 19240/- രൂപയും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 16 /2017/തസ്വഭവ തിരുവനന്തപുരം, തീയതി 04.01.2017

---

പരാമർശം - 1) 15/02/2014-ലെ സ.ഉ.(സാധാ)നം431/2014/തസ്വഭവ ഉത്തരവ്

2) 20/03/2015-ലെ സ.ഉ.(സാധാ)നം.816/2015/തസ്വഭവ ഉത്തരവ്

3) നഗരകാര്യ ഡയറക്ടറുടെ 11.08.2016 ലെ DC3/4704/14 നമ്പർ കത്ത്

**ഉത്തരവ്**

നഗരസഭകളുടെ വികസന പദ്ധതികൾക്ക് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിക്ഷേപകരെ കണ്ടെത്തുന്നതിനായി 2014 ഫെബ്രുവരി 24, 25 തീയതികളിൽ എറണാകുളം താജ് ഗേറ്റ് വേ ഹോട്ടലിൽ വച്ച് നടത്തിയ പാർട്ണർ കേരള മീറ്റിന്റെ ചെലവുകൾക്കായി 3 കോടി രൂപ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നു. ബില്ലുകൾ യഥാസമയം സമർപ്പിക്കാത്തതു കാരണം ബിൽ തുകകൾ മാറി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നതിന് 7,12,087/- രൂപ പരാമർശം 2 പ്രകാരം അനുവദിച്ചു നൽകിയിരുന്നു. എന്നാൽ പത്രപരസ്യ ഇനത്തിൽ The Times of India Group -ന് 45,265/- രൂപയും വാഹനവാടകയിനത്തിൽ 19240/- രൂപയും കൂടി നൽകുവാനുള്ളതിനാൽ പ്രസ്തുത തുക 2217-80-003-97 എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് പാർട്ണർ കേരള മിഷൻ മുഖേന നൽകുന്നതിന് അനുമതി നൽകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ പത്രപരസ്യ ഇനത്തിൽ The Times of India Group -ന് നൽകുവാനുള്ള 45,265/- രൂപയും വാഹനവാടകയിനത്തിൽ 19240/- രൂപയും

2217-80-003-97 എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് പാർട്ണർ കേരള മിഷൻ മുഖേന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,പാർട്ണർ കേരള മിഷൻ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ)/(എൽ.ബി.എ &എ )
കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 17.10.16 ലെ ഡെവ് 3/202/2016-ധന പ്രകാരം)
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ